No.CEE/2242/2017/NPMDC-2017/TA1


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# വിജ്ഞാപനം

## 2017-ലെ നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2017-18 അദ്ധ്യയന വർഷം കേരളത്തിലെ ബി.എസ്.സി നഴ്സിംഗ്, വിവിധ പരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ എന്നിവയിലേയ്ക്കുള്ള പ്രവേശനത്തിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **08.07.2017** മുതൽ **19.07.2017** വരെ അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷ സമർപ്പിക്കുവാനും, ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം അതിന്റെ പ്രിന്റൗട്ടും പ്രോസ്പെക്ടസ് ക്ലോസ് 7.7 പ്രകാരമുള്ള അനുബന്ധ രേഖകളും **2017 ജൂലൈ 20–ന് വൈകുന്നേരം 5 മണി**യ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച രണ്ടാം വർഷ യോഗ്യതാ പരീക്ഷയിലെ നിശ്ചിത വിഷയങ്ങളുടെ മാർക്ക് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **2017 ആഗസ്റ്റ് 9 വൈകുന്നേരം 5 മണി വരെ** ലഭ്യമാകും. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ **B.Sc Nursing & Paramedical Courses-2017 Candidate Portal** എന്ന ലിങ്ക് വഴി **ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് '**Marks Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, പഠിച്ച ബോർഡ്, പാസ്സായ വർഷം എന്നിവ പരിശോധിക്കേണ്ടതാണ്. ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം ഉള്ള പക്ഷം വെബ്പേജിൽ കാണുന്ന '**Print request for change in Mark Data**' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രൊഫോർമയിൽ മാർക്കുകൾ കൃത്യമായി രേഖപ്പെടുത്തി യഥാർത്ഥ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം **2017 ആഗസ്റ്റ് 10 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ എത്തിക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യാത്ത വരും, സമർപ്പിച്ച മാർക്ക് ലിസ്റ്റിന്റെ പകർപ്പിൽ അപാകതകൾ ഉള്ളവരും ഹോം പേജിൽ പ്രവേശിച്ച് '**Marks Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ ഇത് സംബന്ധിച്ച മെമ്മോ ദൃശ്യമാകുന്നതാണ്. ഇവർ '**Print resubmission of Mark Data**' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രൊഫോർമയിൽ മാർക്കുകൾ കൃത്യമായി രേഖപ്പെടുത്തി യഥാർത്ഥ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം **2017 ആഗസ്റ്റ് 10 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സമർപ്പിച്ചതിലോ, അനുബന്ധ രേഖകളിലോ അപാകതകൾ ഉള്ളവർക്ക് ഹോം പേജിലെ '**Memo**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ അപാകതകൾ കാണിച്ചുകൊണ്ടുള്ള മെമ്മോ ലഭ്യമാകുന്നതാണ്. പ്രസ്തുത മെമ്മോയോടൊപ്പം അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകളും **2017 ആഗസ്റ്റ് 10 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരക്കാരുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.

മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പു വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അതിനായുള്ള രേഖകൾ നിശ്ചിത സമയത്തിനകം സമർപ്പിക്കാത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും മാർക്കുകളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികളോ രേഖകളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
07.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**